സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദിവസവേതനജീവനക്കാരുടെ വേതന വർദ്ധനവ് സംബന്ധിച്ച്.

---

ഉത്തരവ് നമ്പർ: **ROC 131/12/Est-I** നന്തൻകോട്, **22/5/2017**

---

പരാമർശം :- 1) 20-11-2014 ലെ മേൽ നമ്പർ ഉത്തരവ്.

2) 26-2-2016 ലെ GO (P) No. 28/2016/Fin ഉത്തരവ്.

3) 03-5-2017 ലെ മേൽ നമ്പർ ഉത്തരവ്.

4) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 13-3-2017 ലെ FAO 125/17/IAD നമ്പർ അഭിപ്രായം.

5) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 16-5-2017 ലെ DA 66/17/E1 നമ്പർ അഭിപ്രായം.

## ഉത്തരവ്

സംസ്ഥാന സർക്കാർ ദിവസവേതനാടിസ്ഥാനത്തിൽ (ഫുൾടൈം) ജോലി നോക്കിവരുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ്, പ്യൂൺ, സെക്യൂരിറ്റി ഗാർഡ്, ഡ്രൈവർ തുടങ്ങിയവരുടെ വേതനം 01-4-2016 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതാണ് (പരാമർശം -2).

പ്രസ്തുത ഉത്തരവിൻപ്രകാരം ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെ പെഴ്സണൽ സ്റ്റാഫിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്ക് ദിവസവേതനം 650/- രൂപയായി വർദ്ധിപ്പിച്ചു (പരാമർശം -3).

മറ്റ് ദിവസവേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരുടെ അഭിപ്രായം ലഭ്യമായത് ബോർഡ് പരിശോധിച്ചു ചർച്ച ചെയ്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ദിവസവേതന അടിസ്ഥാനത്തിൽ (ഫുൾടൈം) ജോലി നോക്കുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ്, സെക്യൂരിറ്റി ഗാർഡ് തസ്തികയിലുള്ളവരുടെ പ്രതിദിന വേതനം 400/- രൂപയിൽ നിന്നും 500/- രൂപയായും പ്യൂൺ തസ്തികയിലുള്ളവരുടെ ദിവസവേതനം 350/- രൂപയിൽ നിന്നും 450/- രൂപയായും ഡ്രൈവർ തസ്തികയിലുള്ളവരുടെ ദിവസവേതനം 450/- രൂപയിൽ നിന്നും 550/- രൂപയായും (ബഹു: പ്രസിഡന്റ്, മെമ്പർമാർ എന്നിവരുടെ ഡ്രൈവർമാർ ഒഴികെ) 0-5-2017 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ബഹു: പ്രസിഡന്റിന്റെ പെഴ്സണൽ സെക്രട്ടറി
3. ബഹു: മെമ്പർ -1 ന്റെ പെഴ്സണൽ സെക്രട്ടറി
4. ബഹു: മെമ്പർ -2 ന്റെ പെഴ്സണൽ സെക്രട്ടറി
5. എസ്റ്റാ-2 സെക്ഷൻ, ബോർഡാഫീസ്
6. അക്കൗണ്ട്സ് സെക്ഷൻ, ബോർഡാഫീസ്
7. ഇ.ഡി.പി. സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി.

SK